# നീര പദ്ധതി മദ്യമാഫിയ അട്ടിമറിച്ചു

**ലഹരി പാനീയമല്ലാത്ത നീരയെ അബ്കാരി ആക്ടിന്റെ പരിധിയിൽപ്പെടുത്തി**

**ടി.എസ്. നീലാംബരൻ**



**കൊച്ചി:** മദ്യ മാഫിയയുടെ സമ്മർദ്ദത്തിനു വഴങ്ങി സർക്കാർ നീര പദ്ധതിയുടെ കഴുത്ത് ഞെരിക്കുന്നു. കേര കർഷകർക്ക് ആശ്വാസമാകേണ്ട നീര ഉത്പാദന പദ്ധതി തുടക്കത്തിൽ തന്നെ അട്ടിമറിച്ചു.

ലഹരി പാനീയമല്ലാത്ത നീരയെ അബ്കാരി ആക്ടിന്റെ പരിധിയിൽപ്പെടുത്തിയത് ഈ നീക്കത്തിന്റെ ഭാഗമായാണ്. ലഘു പാനീയമെന്ന രീതിയിൽ ഉത്പാദിപ്പിക്കാനും വിതരണം ചെയ്യാനുമുള്ള സാഹചര്യം ഇതോടെ ഇല്ലാതായി. അബ്കാരി ആക്ട് 1077-ലെ സെക്ഷൻ 12, 24 എന്നിവ പ്രകാരം നീരയെ ലഹരി പാനീയമാക്കിയാണ് സർക്കാർ വിജ്ഞാപനം പുറത്തിറക്കിയിട്ടുള്ളത്. ഇതുപ്രകാരം കള്ള് ചെത്തിവിൽക്കുന്നതിനേക്കാൾ സങ്കീർണ്ണമായ നടപടിക്രമങ്ങളാണ് നീര ഉത്പാദനത്തിന് വേണ്ടത്. നീര വിപണിയിലിറങ്ങുന്നത് തടയാൻ ബിയർ വ്യവസായികളും മദ്യലോബിയും സർക്കാരിനെ സ്വാധീനിച്ചുവെന്നാണ് ആക്ഷേപം. നീരയെ ലഹരി ഉത്പന്നത്തിന്റെ ലിസ്റ്റിൽ പെടുത്തിയതോടെ സംസ്ഥാനത്തെ ലക്ഷക്കണക്കിന് കേര കർഷകരുടെ പ്രതീക്ഷകളാണ് അസ്തമിച്ചത്.

പുതിയ വിജ്ഞാപന പ്രകാരം നീര ഉത്പാദിപ്പിക്കാൻ കർഷകൻ എക്സൈസ് ഡപ്യൂട്ടികമ്മീഷണറുടെ പക്കൽ നിന്ന് ലൈസൻസ് നേടണം. അപേക്ഷ നൽകുന്ന എല്ലാവർക്കും ലൈസൻസ് ലഭിക്കില്ല. കള്ള്ചെത്ത് തൊഴിലാളിസംഘം ബീവറേജസ് കോർപ്പറേഷൻ, കേര വികസന ബോർഡ്, കാർഷിക സർവ്വകലാശാല എന്നിവയുടെ ശുപാർശകൾ ഉള്ളവർക്കാണ് മുൻഗണന. ഓരോജില്ലയിലും എത്ര പേർക്ക് ലൈസൻസ് നൽകണമെന്ന് തീരുമാനിക്കാനുള്ള അധികാരം എക്സൈസ് കമ്മീഷണർക്കാണ്. ലൈസൻസില്ലാതെ നീര ഉത്പാദിപ്പിക്കുന്നതും വിൽക്കുന്നതും കടുത്ത ക്രിമിനൽ കുറ്റമായും വിജ്ഞാപനത്തിൽ വ്യക്തമാക്കുന്നു. ഇതോടെ ഭൂരിഭാഗം കർഷകരും നീര ഉത്പാദനത്തിൽ നിന്ന് പിൻതിരിയും.

കള്ള്ചെത്ത് തൊഴിലാളി ക്ഷേമനിധിയിൽ അംഗമായവർക്കുമാത്രമേ തെങ്ങിൽ നിന്ന് നീര ചെത്താൻ അനുവാദമുള്ളൂ. അംഗങ്ങളായ ചെത്തുതൊഴിലാളികൾ ഇല്ലാത്തയിടങ്ങളിൽ നീര ടെക്നീഷ്യൻമാർക്ക് ക്ഷേമനിധിയിൽ അംഗത്വമെടുത്ത ശേഷം നീര ചെത്താം. എന്നാൽ തൊഴിലാളിയൂണിയനുകൾ ശക്തമായ ഈ മേഖലയിൽ പുതിയ തൊഴിലാളികൾക്ക് അംഗത്വം ലഭിക്കുക എളുപ്പമല്ല.

നീര ഉത്പാദിപ്പിക്കുന്ന കർഷകന് അത് വിൽക്കാൻ അവകാശമില്ല. അതിന് പ്രത്യേക ലൈസൻസ് വേണം. ഇപ്പോഴത്തെ സാഹചര്യത്തിൽ ബീവറേജസ് കോർപ്പറേഷനുകൾ വഴിയും കെടിഡിസിയുടെ ബിയർപാർലറുകൾ വഴിയും നീര വിപണനം ചെയ്യാനാണ് സർക്കാർ നീക്കം. ഇതോടെ ശീതള പാനീയമെന്ന നിലയിൽ വിപണിയിൽ നീരക്ക് അംഗീകാരം നേടാനാകാതെവരും. സാധാരണക്കാരും സ്ത്രീകളും മറ്റും ഇത്തരം കേന്ദ്രങ്ങളിൽ നിന്ന് നീര വാങ്ങാൻ തയ്യാറാവുകയില്ല.

വിഷുവിന് മുമ്പ് നീര വിപണിയിലെത്തിക്കുമെന്നാണ് സർക്കാർ പറഞ്ഞിരുന്നത്. നീരയുടെ ഉത്പാദനവും വിപണനവും നിയന്ത്രിക്കാനുള്ള അധികാരം എക്സൈസ് വകുപ്പിൽ നിന്ന് മാറ്റി ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിനെ ഏൽപ്പിക്കണമെന്ന ആവശ്യം ശക്തമാണ്.

തെങ്ങൊന്നിന് 1500 രൂപയിലേറെ പ്രതിമാസം വരുമാനമുണ്ടാക്കാവുന്ന നീര പദ്ധതി സംസ്ഥാനത്തിന്റെ കാർഷിക - സാമ്പത്തിക മേഖലക്ക് വൻ ഉണർവ്വ് നൽകുമെന്ന പ്രതീക്ഷയുണ്ടായിരുന്നു. നീര ഉത്പാദനം വിജയകരമായി നടപ്പാക്കിയ കർണാടകം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഇല്ലാത്ത അബ്കാരി നിയമമാണ് കേരളത്തിൽ നീരക്ക് ബാധകമാക്കിയിരിക്കുന്നത്.

ബാർ ലൈസൻസ്: കെപിസിസിയിൽ ഭിന്നത രൂക്ഷം
10